(എച്ച്) എങ്കിൽ പ്രസ്തുത അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കുമോ?

ഉത്തരം

(എ) കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ (2 x 50 മെഗാവാട്ട്) പദ്ധതിയുടെ പ്രോജക്ട് എസ്റ്റിമേറ്റ് 220.5 കോടി രൂപയാണ്.

(ബി) കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ (2 x 50 മെഗാവാട്ട്) പദ്ധതിയുടെ കൺസൾട്ടന്റായി ആരെയും നിയമിച്ചിട്ടില്ല.

(സി) ബി.എച്ച്.ഇ.എൽ ഇതു സംബന്ധിച്ച് ഇലക്ട്രിസിറ്റി ബോർഡിന് കത്തൊന്നും എഴുതിയിട്ടില്ല. ഗ്ലോബൽ ടെൻഡറിൽ ബി.എച്ച്.ഇ.എൽ പങ്കെടുത്തിട്ടുണ്ട്.

(ഡി & ഇ) ടെണ്ടർ നടപടികൾ പൂർത്തിയായിട്ടില്ല. താഴെപ്പറയുന്നവയാണ് ടെണ്ടറിൽ പങ്കെടുത്ത കംപനികൾ.

1) ആൻസ്തോം ഹൈഡ്രോളിക്.

2) ട്രാക്ടിബെൽ എൻജിനീയറിംഗ് ഇന്റർനാഷണൽ.

3) ബി.എച്ച്.ഇ.എൽ. ആന്റ് എൽ.ആന്റ്.ടി

4) എസ്.എൻ.സി. ലാവലിൻ.

5) ചൈന മെഷിനറി ഇംപോർട്ട് ആന്റ് എക്സപോർട്ട് കോർപ്പറേഷൻ.

ടെണ്ടർ നടപടി പൂർത്തിയാകുന്ന മുറയ്ക്കേ തുക വ്യക്തമാക്കാനാവു.

(എഫ്-എച്ച്) ഈ പ്രോജക്ടിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. മെസ്സേഴ്സ് ചൈന നാഷണൽ മെഷിനറി ആന്റ് എക്വിപ്മെന്റ് ഇംപോർട്ട് ആന്റ് എക്സ്പോർട്ട് കോർപ്പേറഷൻ (സി.എം.ഇ.എൽ ആന്റ് സി.ഡബ്ല്യു, എച്ച്. ഇ.എൽ) എന്ന കംപനിയെ പ്രീ ക്വാളിഫൈചെയ്യാത്തതു സംബന്ധിച്ച് ആരോപണത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിക്കാൻ പവർ സെക്രട്ടറിയെ ചുമതലപ്പെടുത്തുകയുണ്ടായി.

സെക്രട്ടറിയുടെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബോർഡ് ഒരു കമ്മിറ്റിയെ ഇതു സംബന്ധിച്ച് പരിശോധിക്കാൻ നിയോഗിക്കുകയും കമ്മിറ്റി പരിശോധിച്ച് ചൈനീസ് കംപനിയെ കൂടി പ്രീ ക്വാളിഫൈ ചെയ്യാൻ തീരുമാനിക്കുകയും, പ്രസ്തുത തീരുമാനം ബോർഡ് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

വൈദ്യുതി ബോർഡിലെ മെമ്പർമാരുടെ എണ്ണം

84 (3485)ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :

ശ്രീ. നാലകത്ത് സൂപ്പി :

ശ്രീ. കെ.പി.എ. മജീദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ ഇപ്പോൾ എത്ര അംഗങ്ങൾ ഉണ്ട്; അവർ ആരെല്ലാം;

(ബി) ഓരോരുത്തർക്കും ശമ്പളം മറ്റാനുകൂല്യങ്ങൾ എന്നീ ഇനങ്ങളിൽ എത്ര രൂപ നൽകുന്നുണ്ടെന്നു വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) താഴെ പറയുന്ന അംഗങ്ങൾ.

(1) ശ്രീ. കെ. മോഹനചന്ദ്രൻ, ഐ.എ.എസ് ചെയർമാൻ,

(2) ശ്രീ. പി.ജെ. മാത്യു,
ഐ.എ.ആന്റ് എം.എസ് - മെംപർ (ഫിനാൻസ്)

(3) ശ്രീ. കെ. കൃഷ്ണൻകുട്ടി - മെംപർ (ഡിസ്ട്രിബ്യൂഷൻ)

(4) ശ്രീ. സി.എഫ്. വിൽസന്റ് - മെംപർ
(ട്രാൻസ്മീഷൻ)

(5) ശ്രീ. സുകുമാർ. എൻ. ഉമ്മൻ
ഐ.എ.എസ്. - സർക്കാർ നോമിനി
(പവർ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി)

(6) ശ്രീ. വിനോദ്റായ്,
ഐ.എ.എസ് - സർക്കാർ നോമിനി
(ധനകാര്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി)

(7) ശ്രീ. കോടിയേരി ബാലകൃഷ്ണൻ-(നോൺ-ഒഫീഷ്യൽ മെമ്പർ)

(ബി) 2/2000-ലെ കണക്കനുസരിച്ച് നൽകിയ തുക താഴെ പറയുന്നു.

1. ചെയർമാൻ - ബേസിക് പേ - 26,000
ഡി.എ. - 9,620
എച്ച്.ആർ.എ - 3,900
സി.സി.എ. - 180

30,700
==========

2. മെമ്പർ - ബേസിക് പേ - 18400
(ഫിനാൻസ്)സ്പെഷ്യൽ പേ - 375
ഡി.എ. - 6808
എച്ച്.ആർ.എ - 2760
സി.സി.എ. - 180
ഡെപ്യൂട്ടേഷൻ അലവൻസ്- 500

29023
==========

3. മെമ്പർ - ബേസിക് പേ - 6505
(ഫിനാൻസ്)സ്പെഷ്യൽ പേ - 1000
ഡി.എ. - 10922

LIBRARY ARCHIVES Kerala Legislative Assembly

എച്ച്.ആർ.എ.	-	500
സി.സി.എ.	-	75
എം.എ.	-	25
		19107

4. മെമ്പർ - ബേസിക് പേ - 7785
(ട്രാൻസ്മിഷൻ)സ്പെഷ്യൽ പേ - 1000
ഡി.എ. - 12650
എച്ച്.ആർ.എ. - 500
സി.സി.എ. - 75
എം.എ. - 25
22035

സർക്കാർ നോമികളായ മെമ്പർമാർക്ക് ശമ്പളവും, അലവൻസും ബോർഡിൽ നിന്നല്ല നൽകുന്നത്. അനൗദ്യോഗിക അംഗത്തിന് ബോർഡ് മീറ്റിംഗുകളിൽ പങ്കെടുക്കുന്നതിന് യാത്രചെലവിന് പുറമേ ഓരോ സിറ്റിംഗിനും 50 രൂപ സീറ്റിംഗ് ഫീസ് നൽകുന്നുണ്ട്.

വൈദ്യുതി കണക്ഷൻ നൽകുന്നതിൽ മുൻഗണന

85 (3486)ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ആർ.വൈ. പദ്ധതിയുൾപ്പെടെയുള്ള സ്വയം തൊഴിൽ സംരംഭങ്ങളിലേർപ്പെടുന്നവർക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിൽ മുൻഗണന നൽകുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) മുൻഗണന ലഭിക്കുന്നതിന് എന്തെല്ലാം രേഖകളാണ് നൽകേണ്ടത്;

(സി) ഇവർക്ക് സമയബന്ധിതമായി കണക്ഷൻ നൽകണമെന്ന് ബോർഡ് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) സ്വയം തൊഴിൽ സംരംഭകർക്ക് വൈദ്യുതി നൽകുന്ന കാര്യത്തിൽ ബോർഡ് ഉദ്യോഗസ്ഥർ അനാസ്ഥ കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഇ) ആലപ്പുഴ ജില്ലയിൽ വൈദ്യുതി കണക്ഷനുവേണ്ടി സ്വയംതൊഴിൽ സംരംഭകരുടെ എത്ര അപേക്ഷകളാണ് ബോർഡിൽ നിലവിലുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly